മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ 1994-ലെ പഞ്ചായത്ത് രാജ് ആക്ട് 219 എസ്സ് വകുപ്പുപ്രകാരവും, 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 340-ാം വകുപ്പിൽവന്ന ഭേദഗതികൾ പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. പൊതു സ്ഥലങ്ങളിലോ വഴിയോരങ്ങളിലോ മാലിന്യം നിക്ഷേപിക്കുന്നവരിൽനിന്നോ നിക്ഷേപിക്കുവാൻ കാരണമാകുന്നവരിൽ നിന്നോ അപ്പോൾത്തന്നെ 500 രൂപയിൽ കുറയാതെയും 2000 രൂപയിൽ കൂടാതെയുമുള്ള പിഴ ഈടാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലാശയങ്ങളിലേക്കാണ് സെപ്റ്റേജുകൾ (സെപ്റ്റിക് ടാങ്ക് മാലിന്യം) ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്നതെങ്കിൽ 10,000 രൂപയിൽ കുറയാതെയും 25,000 രൂപയിൽ കൂടാതെയുള്ള തുക പിഴയും, 6 മാസം തടവും ഒരുമിച്ച് ശിക്ഷ നൽകുന്നതിന് മുനിസിപ്പൽ പഞ്ചായത്ത് നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കുറ്റം ജാമ്യമില്ലാ കുറ്റമായിട്ടാണ് പരിഗണിക്കപ്പെടുക. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യം കടത്തിക്കൊണ്ടുപോകുന്ന വാഹനം പിടിച്ചെടുക്കാനും, കണ്ടുകെട്ടാനും, മുകളിൽപ്പറഞ്ഞ നിയമ ഭേദഗതിവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നുണ്ട്.

അമിതമായ പ്ലാസ്റ്റിക് ഉപയോഗം

134 (1604) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതമായ പ്ലാസ്റ്റിക് ഉപയോഗംമൂലം സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിൽപ്പോലും പ്ലാസ്റ്റിക് മാലിന്യം കടന്നുകൂടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മാലിന്യം സംസ്കരിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനായി ഘട്ടംഘട്ടമായി ഗ്രാമ പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ചെറുകഷണങ്ങളാക്കി മാറ്റുന്നതിനും, ബ്ലോക്കുതലത്തിലോ ജില്ലാതലത്തിലോ പ്ലാസ്റ്റിക് റീസൈക്ലിംഗ് നടത്തുന്നതിനുമുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ ആവശ്യകതയുണ്ട്. പ്ലാസ്റ്റിക് വൃത്തിയായി തരംതിരിച്ച് സംഭരിക്കാനും ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് സഞ്ചികൾ ഷ്രെഡർ ഉപയോഗിച്ച് പൊടിച്ച് ചെറുകഷണങ്ങളാക്കി റീസൈക്ലിംഗ് ചെയ്യുന്നതിന് ഉപയോഗപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ ഷ്രെഡ്ഡിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് സൂക്ഷിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ജില്ലാതലത്തിൽ റീസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് പ്രായോഗികത. ആയതിനാൽ ഒരു ബ്ലോക്ക് കേന്ദ്രീകരിച്ചോ, ജില്ല കേന്ദ്രീകരിച്ചോ, ഒരു റീസൈക്ലിംഗ് യൂണിറ്റും ഓരോ പഞ്ചായത്തിലും ഷ്രെഡിംഗ് യൂണിറ്റും സ്ഥാപിച്ച് പുനഃചംക്രമണം പ്രോത്സാഹിപ്പിക്കാനും നടപടി കൈക്കൊണ്ട് വരുന്നുണ്ട്. ഓരോ ഗ്രാമപഞ്ചായത്ത് തലത്തിലും റീസൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നത് സാമ്പത്തികമായും സാങ്കേതികമായും അനുയോജ്യമല്ല എന്ന് കണ്ടതിനാലാണ് മുകളിൽപ്പറഞ്ഞ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി പദ്ധതി നിർവ്വഹണത്തിന് ശ്രമിക്കുന്നത്.

അംഗീകാരമില്ലാത്ത പോളിത്തീൻ ബാഗുകൾ നിയന്ത്രിക്കാൻ നടപടി

135 (1605) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാരിബാഗുകളായി എത്ര മൈക്രോൺവരെയുള്ള പോളിത്തീൻ ബാഗുകളാണ് അംഗീകരിച്ചിട്ടുള്ളത് ;

(ബി) അംഗീകാരമില്ലാത്ത പോളിത്തീൻ ബാഗുകൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പോളിത്തീൻ ബാഗുകൾ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ഡി) ഈ നിയമമനുസരിച്ച് ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര പരിസ്ഥിതി വനം-മന്ത്രാലയം വിജ്ഞാപനം ചെയ്ത 1999-ലെ പ്ലാസ്റ്റിക് റീസൈക്ലിംഗ് ആന്റ് യൂസേജ് റൂൾസ് പ്രകാരം 20 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് സഞ്ചികൾ ദേശീയതലത്തിൽ നിരോധിച്ചിട്ടുണ്ട്. കേരളത്തിൽ 2003 സെപ്റ്റംബർ 1 മുതൽ 30 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾ നിരോധിച്ചിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര പരിസ്ഥിതി വന മന്ത്രാലയത്തിന്റെ 7-2-2011-ലെ വിജ്ഞാപനം അനുസരിച്ച് ദേശവ്യാപകമായി 40 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികളും പുകയില, പാക്ക് ഇവ പായ്ക്ക് ചെയ്യുന്നതിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും നിരോധിച്ചു കൊണ്ടും ഉത്തരവായിട്ടുണ്ട്.

(ബി) 30 മൈക്രോണിൽ താഴെ കനമുള്ള പോളിത്തീൻ ബാഗുകളാണ് സർക്കാർ നിരോധിച്ചിട്ടുള്ളത്. ഇവയുടെ നിരോധനം നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് ബാഗിന്റെ കൃത്യമായകനം അളക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മൈക്രോമീറ്റർ വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്ലാസ്റ്റിക് നിയന്ത്രണത്തിന് കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിൽനിന്നും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly